## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 661** 04-04-2018 ൽ മറുപടിക്ക്

### കയ്യേറ്റഭൂമി ഒഴിപ്പിക്കൽ

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ഇ.കെ.വിജയൻ
ശ്രീ.എൽദോ എബ്രഹാം

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം കയ്യേറ്റക്കാരിൽ നിന്ന് സർക്കാർ ഭൂമി ഒഴിപ്പിച്ചെടുത്തതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയ്യേറ്റക്കാരിൽനിന്നും സർക്കാർ ഭൂമി ഒഴിപ്പിച്ചെടുത്ത് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ജില്ല | റിപ്പോർട്ട് ചെയ്യപ്പെട്ട കയ്യേറ്റ കേസുകളുടെ എണ്ണം | ഒഴിപ്പിച്ച കേസുകളുടെ എണ്ണം | ഒഴിപ്പിച്ച വിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|
| തിരുവനന്തപുരം | 83 | 56 | 3.56.78 |
| കൊല്ലം | 101 | 51 | 0.47.25H |
| പത്തനംതിട്ട | 33 | 5 | 1.29.3H |
| ആലപ്പുഴ | 97 | 18 | 1.62.50H |
| കോട്ടയം | 16 | 6 | 0.02.80H |
| ഇടുക്കി | 115 | 61 | 179.69.52(H) |
| എറണാകുളം | 169 | 22 | 2.46.71(H) |
| തൃശ്ശൂർ | 70 | 25 | 0.22.75 (H) |
| പാലക്കാട് | 511 | 259 | 1.42.36 |
| മലപ്പുറം | 43 | 27 | 3.31.37 (H) |
| കോഴിക്കോട് | 39 | 5 | 0.1718 (H) |
| വയനാട് | 95 | 62 | 1.3882 |
| കണ്ണൂർ | 35 | 3 | 0.0735 |
| കാസർഗോഡ് | 70 | 5 | 0.8744 |
| **ആകെ** | **1477** | **605** | **196.6477H** |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 149 സീലിംഗ് കേസുകൾ താലൂക്ക് ലാന്റ് ബോർഡ് മുഖേന തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ 91 പുതിയ സീലിംഗ് കേസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ഇനി 1372 കേസുകൾ തീർപ്പ് കൽപ്പിക്കുവാൻ ശേഷിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ലാന്റ് ബോർഡിന്റെ ചുമതലകൾ വ്യക്തമാക്കുമോ; പ്രസ്തുത ചുമതലകൾ ലാന്റ് ബോർഡ് കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ ഭൂപരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക നേതൃത്വം നൽകുകയുമെന്നതാണ് ലാന്റ് ബോർഡിന്റെ പ്രഥമവും പ്രധാനവുമായ ചുമതല. ഭൂപരിഷ്കരണ നിയമം നടപ്പാക്കുന്ന നിയമപ്രകാരമുള്ള സ്ഥാപനങ്ങളായ ലാന്റ് ട്രൈബ്യൂണലുകൾ, അപ്പലേറ്റ് അതോറിറ്റി, താലൂക്ക് ലാന്റ് ബോർഡുകൾ എന്നിവയുടെ ഭരണപരവും പ്രവർത്തനപരവുമായ മേൽനോട്ടം വഹിക്കുക, പ്രവർത്തനത്തിനാവശ്യമായ പൊതു നിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനാവശ്യമായ റിക്കാർഡുകൾ സൂക്ഷിക്കുക എന്നതാണ് ലാന്റ് ബോർഡിന്റെ ചുമതലകൾ. ലാന്റ് ബോർഡിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ട്. |
| (സി) | ഹൈക്കോടതിയിൽ നടക്കുന്ന മിച്ചഭൂമി കേസുകളിൽ തീർപ്പുണ്ടാക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച നിയമാനുസൃത നടപടികൾ അറിയിക്കുമോ; | (സി) | മിച്ചഭൂമി കേസുകളിൽ ഉത്ഭവിക്കുന്ന ഹർജികളിൽ യഥാസമയം തുടർ നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>മിച്ചഭൂമി കേസിലെ ഉത്തരവിനെതിരെ സർക്കാരും കക്ഷികളും സമർപ്പിക്കുന്ന റിവിഷൻ ഹർജികളിലും നടപടികൾ വേഗത്തിൽ നടത്തുകയും സർക്കാരിന്റെ താല്പര്യം സംരക്ഷിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരവും തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | താലൂക്ക് ലാന്റ് ബോർഡുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ടോ; ലാന്റ് ബോർഡുകളിൽ അവശേഷിക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഭൂമി കയ്യേറ്റം തടയുന്നതിനായി എല്ലാ ജില്ലകളിലും ജാഗ്രതാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. ലാന്റ് ബോർഡുകളിൽ അവശേഷിക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് പ്രായോഗികമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേസുകൾ അനാവശ്യമായി നീട്ടികൊണ്ടു പോകരുത് എന്ന് പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഭൂമി കൈയ്യേറ്റം തടയുന്നതിനായി ജില്ലകളിൽ ജാഗ്രതാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) | കയ്യേറ്റങ്ങൾക്ക് കൂട്ട് നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രതക്കുറവ് കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഇ) | കയ്യേറ്റങ്ങൾക്ക് കൂട്ട് നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരേയും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രത കുറവ് കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരേയും കർശന നടപടി സ്വീകരിക്കും. |

(എഫ്) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം എസ്ചീറ്റ് ആയി ഭൂമി ഏറ്റെടുത്തതിന്റെ വിവരങ്ങൾ അറിയിക്കുമോ?

(എഫ്) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഏറ്റെടുത്ത എസ്ചീറ്റ് ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | അരുവിക്കര | 344/20 | 00.10.15 ഹെക്ടർ |
| 2 | കൊല്ലം | - | - | |
| 3 | പത്തനംതിട്ട | - | - | |
| 4 | ആലപ്പുഴ | - | - | |
| 5 | കോട്ടയം | മുണ്ടക്കയം | 438/10 | 00.01.65 ഹെക്ടർ |
| 6 | ഇടുക്കി | - | - | - |
| 7 | എറണാകുളം | - | - | - |
| 8 | തൃശ്ശൂർ | - | - | - |
| 9 | പാലക്കാട് | - | - | - |
| 10 | മലപ്പുറം | - | - | - |
| 11 | കോഴിക്കോട് | തിരുവമ്പാടി | 174/1 ബി | 00.12.14 ഹെക്ടർ |
| | | ചക്കിട്ടപ്പാറ | 912/2,3,4,5,6 അൺ സർവ്വെ | 1699.72 ഹെക്ടർ |
| 12 | വയനാട് | | | - |
| 13 | കണ്ണൂർ | | | - |
| 14 | കാസറഗോഡ് | | | - |
| | **ആകെ** | | | **1723.66 ഹെക്ടർ** |

**സെക്ഷൻ ഓഫീസർ**